8. മെഡിക്കൽ റീഇംബേഴ്സ്മെന്റിന് ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സിപ്പിച്ച ബില്ലുകൾ മാത്രമേ അനുവദിക്കുന്നുള്ളൂ ; പക്ഷേ ഗവൺമെന്റ് ജീവനക്കാർക്ക് ഇപ്പോൾ പ്രൈവറ്റ് ആശുപത്രികളിൽക്കൂടി ചികിത്സ നടത്തി ബില്ല് തരുവുന്നതാണെന്ന് വന്നിരിക്കുന്നു. അത് സ്വാതന്ത്ര്യസമരഭടനും അനുവദിച്ചുകൂടെ. നേരത്തെ അറിയിച്ചിരുന്നതാണ് വീണ്ടും ആവശ്യപ്പെടുന്നു.

9. ആവശ്യസാധനങ്ങളുടെ വില വർദ്ധനവ് കൊണ്ട് ജീവിതം ദുഷ്ക്കരമാവുന്നതുകൊണ്ട് ആവശ്യമായ പരിഷ്കാരം പെൻഷനിൽ വരുത്തി 3000 രൂപയെങ്കിലും ആക്കി ഉയർത്തണമെന്നത്.

10. പെൻഷന് അവകാശിയില്ലാതെ വരുമ്പോൾ കുടുംബത്തിന് സാമ്പത്തിക സഹായം എത്തിക്കുക.

11. സ്വന്തമായി വീടില്ലാത്തവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ചെയ്തുകൊടുക്കുക.

12. വെള്ളവും വൈദ്യുതിയും സൗജന്യമായി അനുവദിക്കുക.

13. മെഡിക്കൽ, എൻജിനിയറിംഗ് കോളേജുകളിലേയ്ക്ക് മക്കൾക്കോ, ചെറുമക്കൾക്കോ സീറ്റ് റിസർവ്വേഷൻ മുൻഗണനയും കൊടുക്കുക.

എന്നീ ആവശ്യങ്ങളാണ് നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

കാർഷിക വിളകൾ നശിപ്പിക്കുന്ന സമരം

45 (3235) ശ്രീ ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വകാര്യ വ്യക്തികളുടെ കൃഷിഭൂമിയിൽ അനധികൃതമായി കടന്നു കാർഷികവിളകൾ നശിപ്പിക്കുന്ന സമര പരിപാടികളോടുള്ള ഗവൺമെന്റിന്റെ നിലപാട് എന്താണ് :

(ബി) ഈ സംഭവങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ ;

(സി) 1997 ജൂലൈ മാസത്തിൽ ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ നടന്ന ഇത്തരം സമരത്തോടനുബന്ധിച്ച് എടുത്ത കേസ്സുകളുടെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) കാർഷികവിളകൾ നശിപ്പിക്കുന്ന സമരത്തോട് ഗവൺമെന്റ് കാട്ടിയ മൃദുലമായ സമീപനമാണ് വീണ്ടും ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുവാൻ ഇടയാകുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 19-2-2000-ത്തിന് രാത്രി ആലപ്പുഴ ജില്ലയിൽ കറ്റാനം വില്ലേജിലുള്ള ശ്രീ. പ്രസന്നകുമാരനുണ്ണിത്താന്റെ കൃഷി ഭൂമിയിലെ വിളകൾ നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എത്രമാത്രം കൃഷികൾ നശിപ്പിച്ചുവെന്നും അതുകൊണ്ട് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ജി) ഇതുസംബന്ധിച്ച ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരുടെ മേൽകർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്ത 26 കേസ്സുകളിൽ 7 കേസ്സുകൾ വെറുതെവിടുകയും ഒരു കേസ് കോമ്പൗണ്ട് ചെയ്തിട്ടുള്ളതും 18 കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്. പത്തനംതിട്ട ജില്ലയിൽ രജിസ്റ്റർ ചെയ്ത ക്രൈം 197/97 കേസ് കോടതിയിൽ വിചാരണയിലാണ്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ് & ജി) ഇതുസംബന്ധിച്ച് ടി പ്രസന്നകുമാരനുണ്ണിത്താന്റെ മൊഴി വാങ്ങി വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 38/2000 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

46 (3236) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുത്തൻതോപ്പിലുള്ള എക്സ്റ്റെൻഷൻ സെന്ററിൽ ബയോടെക്നോളജി അടിസ്ഥാനമാക്കി വ്യവസായ പുരോഗതിക്കുവേണ്ടി ഒരു സെന്റർ തുടങ്ങുന്നതിന് എന്തു തുക വീതം 1997-1998, 1998-1999, 1999-2000 എന്നീ വർഷങ്ങളിൽ അനുവദിച്ചിരുന്നു. ഈ തുക വിനിയോഗിച്ചുവോ ;

(ബി) എങ്കിൽ അതിന്റെ വിനിയോഗം എന്നാരംഭിച്ചു ;

(സി) ഈ തുക മുഴുവൻ എന്ന് ചെലവഴിച്ചു ;

(ഡി) എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ഈ തുക ചെലവഴിച്ചത് ?

ഉത്തരം

(എ) 1997-1998, 1998-1999, 1999-2000 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly